**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 458** **11-06-2024 - ൽ മറുപടിയ്ക്ക്**

**കണ്ണൂർ മെഡിക്കൽ കോളേജിലെ ട്രോമാകെയർ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി മുഖേന 57.69 കോടി രൂപയുടെ ധനകാര്യ അനുമതി ലഭിച്ച, കണ്ണൂർ മെഡിക്കൽ കോളേജിലെ ട്രോമാകെയർ ഒന്നാം ഘട്ട പദ്ധതിയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ നാളിതുവരെ ആരംഭിക്കുവാൻ സാധിക്കാത്തത് ശ്രദ്ധയിപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ? | (എ) | കണ്ണൂർ പരിയാരം മെഡിക്കൽ കോളേജിലെ ട്രോമാകെയർ ഒന്നാം ഘട്ട പ്രവൃത്തി കിഫ്ബി മുഖേന നടപ്പാക്കുന്നതിന് സർക്കാർ പുറപ്പെടുവിച്ച 24-01-2020-ലെ സ.ഉ (സാധാ) നം.181/2020/ആ.കു.വ നമ്പർ ഭരണാനുമതി ഉത്തരവു പ്രകാരം പദ്ധതി നിർവ്വഹണ ഏജൻസിയായ വാപ്കോസ് സമർപ്പിച്ച വിശദമായ പദ്ധതി റിപ്പോർട്ട് കിഫ്ബി പരിശോധിക്കുകയും 03-11-2020-ലെ HFW002-27/APR-3/2020/KIIFB നമ്പർ ഉത്തരവു പ്രകാരം 51.27 കോടി രൂപയുടെ ധനാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. പദ്ധതി നടത്തിപ്പിനായി കിഫ്ബിയുടെ അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തി യഥാസമയം ആരംഭിച്ച് പൂർത്തീകരിക്കേണ്ട ചുമതല പദ്ധതിയുടെ നിർവ്വഹണ ഏജൻസിയ്ക്കാണ്. എന്നാൽ, കിഫ്ബി നൽകിയ ധനാനുമതി തുക ഉയർത്തി നൽകുന്നതിനായി പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ വാപ്കോസ് ശിപാർശ സമർപ്പിക്കുകയും ആയത് പരിശോധനയ്ക്ക് ശേഷം വിശദാംശങ്ങൾ സമർപ്പിക്കുന്നതിനായി വാപ്കോസിന് മടക്കി നൽകിയിരിക്കുകയുമാണ്. മറുപടി ലഭ്യമാകുന്ന മുറയ്ക്ക് നിലവിലെ മാനദണ്ഡങ്ങൾ പ്രകാരം പദ്ധതി നിർവ്വഹണ ഏജൻസിയുടെ ശിപാർശ പരിശോധിച്ച് പുതുക്കിയ ധനാനുമതി നൽകുന്നതാണ്. തുടർന്ന് പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ വാപ്കോസിന് സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ